"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ-പ്ലാനിംഗ്- ജീവനക്കാര്യം- തദ്ദേശ സ്വയംഭരണ വകുപ്പിലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ടൗൺ പ്ലാനർ ശ്രീമതി റഹാന എച്ച്-ന് മാതൃവകുപ്പിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.776/2026/LSGD തീയതി,തിരുവനന്തപുരം, 16-03-2026

---

പരാമർശം:-
1. സ.ഉ(സാധാ) നം. 895/2023/തസ്വഭവ, തീയതി 19.04.2023
2. സ.ഉ(സാധാ) നം. 2037/2024/തസ്വഭവ, തീയതി.26.10.2024
3. സ.ഉ(സാധാ) നം. 1465/2025/തസ്വഭവ, തീയതി 15.06.2025
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 12.02.2026 തീയതിയിലെ LSGD/PD/3416/2026-DEA5 നമ്പർ കത്ത്

**ഉത്തരവ്**

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ കീഴിലുള്ള DLI 4 ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ ടൗൺ പ്ലാനർ ശ്രീമതി റഹാന എച്ച്. -ന് അന്യത്ര സേവനത്തിൽ പരാമർശം (1) പ്രകാരം നിയമനം നൽകുകയും തുടർന്ന് പരാമർശം (2), (3) എന്നിവ പ്രകാരം പ്രസ്തുത അന്യത്ര സേവന കാലാവധി നീട്ടി നൽകുകയും ചെയ്തിരുന്നു. ശ്രീമതി റഹാന എച്ച്-ന്റെ നിലവിലെ ഡെപ്യൂട്ടേഷൻ കാലാവധി 23.05.2026 ന് അവസാനിക്കുന്നതിനാൽ 24.05.2026 മുതൽ ടിയാളെ മാതൃവകുപ്പിൽ തിരികെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൾ സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ടൗൺ പ്ലാനർ ശ്രീമതി റഹാന എച്ച്-നെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ച് കണ്ണൂർ ജില്ലാ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

ടി ഉദ്യോഗസ്ഥ ജോലിയിൽ പ്രവേശിച്ച ഉടൻ തന്നെ ആർ.ടി.സി. സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2.ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ
4.ഡയറക്ടർ ജനറൽ, KILA, തൃശ്ശൂർ
5.ശ്രീമതി. റഹാന. എച്ച്, ടൗൺ പ്ലാനർ, തസ്വഭവ (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
6.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
7.വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി
8.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
9.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 16-03-2026 11:02:57
സെക്ഷൻ ഓഫീസർ